# കമലാസുരയ്യക്ക് സ്നേഹപൂർവ്വം

# ഒരു സ്നേഹഗീതം

കെ.ടി ഷബീബ ചേന്ദമംഗല്ലൂർ

**ഇന്നു നഷ്ടബോധത്തിലെരിയുന്നിതെൻമനം**
കഷ്ടമെന്നോർത്തു കരയുന്നു വ്യർഥമായ്
ഒന്നുചെന്നില്ല മിണ്ടിയില്ലെന്നുള്ള
കുറ്റബോധം കൊണ്ട് പിടയുന്നു മാനസം....

ഉള്ളതെല്ലാമുറക്കെപ്പറഞ്ഞവർ
ഉള്ളമൊന്നു പിടച്ചു കുടഞ്ഞവർ
കള്ളനാട്യങ്ങളെന്നും വെറുത്തവർ
മുള്ളു കല്ലുകളേറ്റു വാങ്ങിയവർ.....

പൂത്തു പൂത്തെന്നും പൂവാടിയായവർ
പെയ്തു പെയ്തെന്നും പേമാരിയായവർ
ആഴ്ന്നിറങ്ങുന്ന ചോദ്യശരങ്ങൾ കൊ-
ണ്ടാവനാഴി നിറച്ചുവെച്ചോരവർ...

ചെണ്ടുചീഞ്ഞുള്ള ചെന്താമരകളും
ചന്തമില്ലാത്ത കൊച്ചു പുഷ്പങ്ങളും
ജീവിതച്ചാന്ത് ചാർത്തിയൊരുക്കിയൊ-
രാമലർവാടി തൻ വാടാമലരുകൾ...

ആയിരം നാക്കോടെയായിരം വാക്കോടെ
ആയിരമായിരമാവർത്തനത്തോടെ
ചൊല്ലിയവരന്നുമിന്നുമൊരേ മന്ത്ര-
മെന്നും ജയിക്കുന്ന സ്നേഹ മന്ത്രം...

എത്രവായിച്ചു വായിച്ചു തീർക്കിലും
മാറ്റുകൂടുന്ന നിൻകാവ്യപുഷ്പങ്ങൾ
ഒന്നിറുത്ത് മണത്ത് നോക്കീടുവാ-
നുദ്യമിക്കുന്നു ഞങ്ങളാമൽപ്പകൾ...

നിത്യശാന്തി നേരുന്നു
സത്യശാന്തമാം സ്വർഗവേദിയിൽ
എത്തുമെങ്കിലൊരു വേള നമ്മൾക്ക്
ഒത്തിരി നേരമൊന്നിച്ചിരുന്നിടാം...



# നേരിന്റെ കൈ നീട്ടിത്തരില്ലേ

ഇബ്രാഹീം പൊന്നാനി

**ഒടുവിൽ**

ഏതോ വഴിത്താരയിൽ കണ്ടുമുട്ടിയ നേരി-
ന്റെ കൈ പിടിച്ച് നീ കടന്നു പോയി-
വെളിച്ചത്തിലേക്ക്! നിത്യതയിലേക്ക്!
ഇവിടെ, ഈ വേദിയിൽ, ആയുസിന്റെ-
തിരശീല വീഴുന്നതും കാത്ത് ഞങ്ങളിപ്പോഴും!
എപ്പോഴെന്നറിയില്ല, തിരശീല വീഴുമ്പോൾ-
വിളക്ക് തെളിയുമ്പോൾ, അന്ന് നീ-
ചാരിയ കസ്തൂരി കുന്നിലേക്ക്, നീ കാണു-
ന്ന താഴ്വാരത്തിലെ അരുവികരയിലേ-
ക്ക്, ഞങ്ങളെയും കൈപിടിക്കണമേ-
യെന്ന് കാരുണ്യവാനോട്, കരുണാമയ-
നോട്..................

# ഞങ്ങളുടെ പ്രാർഥനകൾ

അഷ്റഫ് ബഷീർ ഉളിയിൽ

**സുറയ്യാ**
വേർപാടിന്റെ വേദന
പ്രതിഫലേഛയില്ലാതെ
നിന്നെ സ്നേഹിച്ച
പരശ്ശതങ്ങളെ
കണ്ണീരിലാഴ്ത്തിയിരിക്കുന്നു.
എങ്കിലും
അരുതായ്മകളുടെ വ്യാകരണവ്യവസ്ഥയോട്
മരണത്തിലും കലഹിക്കാൻ
സാധിക്കുന്നുവല്ലോ.
താങ്കളൊരിക്കൽ ചോദിച്ചത്
ഞങ്ങളിന്നുമോർക്കുന്നു.
"സ്ത്രീപുരുഷ ബന്ധങ്ങളിൽ
അശ്ലീലതയുണ്ടെന്ന്
പറഞ്ഞു പരത്തിയ
ആദ്യ മതപണ്ഡിതൻ
ആരാണ്"?
ഇന്നിപ്പോൾ
സ്ഥാപനവത്കരിക്കപ്പെട്ട
മതചിഹ്നങ്ങളോട്
താങ്കൾ, വീണ്ടും ചോദിക്കുകയാണോ.
"എന്റെ മരണാനന്തര
ചടങ്ങുകളിൽനിന്ന് എന്നെ സ്നേഹിക്കുന്നവരെ
നിങ്ങളുടെ ഏത് മതപണ്ഡിതന്നാണ്
തടയാനാവുക?"
ഒരാൾക്കും നൽകാനാവാത്ത സ്നേഹമായി
സുറയ്യാ.......
'ഞങ്ങൾ മുഖങ്ങളില്ലാത്തവർ'
പ്രാർഥനാ നിരതരാണ്.
നിങ്ങൾക്ക് വേണ്ടി
നിങ്ങളുടെ അന്ത്യവിശ്രമകേന്ദ്രത്തിൽ
ഞങ്ങളുടെ പ്രാർഥനകൾ
ഒരായിരം പനിനീർപൂക്കളായി വിരിയും.
വിശ്വാസി സമൂഹം-
"സമാധാനം പ്രാപിച്ച ആത്മാക്കൾ
തൃപ്തരായി കടന്നു വരുന്ന സ്വർഗീയ കവാടത്തിൽ"
സുറയ്യാ; നിങ്ങളെ വരവേൽക്കും തീർച്ച.
ഓർമകൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടിട്ടില്ല.
"ശിക്ഷിക്കുവാൻ മാത്രം കാംക്ഷിക്കുന്ന
അജ്ഞാത പഥികരേ,
കാണികളേ, ശ്രോതാക്കളേ,
ദൃക്സാക്ഷികളേ.... കണ്ണീർ വറ്റി
എന്നോ വരണ്ടുപോയ
കണ്ണുകളോടെ എന്റെ നേർക്ക് നോക്കരുതേ!
മൃത്യുവിന്റെ മരവിപ്പ് പ്രതിഫലിക്കുന്ന
ആ കണ്ണുകളെ ഞാൻ ഭയപ്പെടുന്നു.
ചത്തു മലച്ച മത്സ്യങ്ങളുടെ വെള്ള നിറമുള്ള
കീഴ്ഭാഗങ്ങളെ അവ എന്നെ ഓർമിപ്പിക്കുന്നു.
ഞാനൊരു രണ്ടാമൂഴമാണ്.
അപ്രതീക്ഷിതമായ ഒരു പുനർജ്ജന്മമാണ്.
കരിങ്കൽ ഭിത്തിയിൽ പൊട്ടിമുളച്ച
പേരാൽ കുരുന്നാണ്.
ശിശിരത്തിലെ വസന്തശോഭയാണ്.
ഞാൻ വളരും, വീണ്ടും വീണ്ടും തളിരിടും"
സ്നേഹം മനസ്സിന്റെ കറകളഞ്ഞ നന്മയാണെന്ന്
ഞങ്ങളെ പഠിപ്പിച്ച-സർവ്വ സ്രഷ്ടാവിനെ പ്രണയിച്ച
വിശ്വാസിനീ...
ഞങ്ങളുടെ പ്രാർഥനകൾ.....
ഞങ്ങളുടെ പ്രാർഥനകൾ.....

# നക്ഷത്ര ഗീതങ്ങൾ

ജബ്ബാർ പെരിന്തൽമണ്ണ

**മോക്ഷത്തിൻ സ്നേഹതീർഥം**
നിൻ നിലാവിൽ നിന്നൊഴുകവേ
പകരമിന്നു നൽകി ഞാനെന്റെ സ്നേഹമായ്
നെയ്ത നിശാവസ്ത്രങ്ങളാ നിലാവിലലിയവേ
ആ പട്ടുനൂലിലൊരു മുഴം കരുതുക
ഇല്ലാതെ പോയൊരു പട്ടുറുമാലിനായ്
'അന്നൊരു മഹാനദിക്കരയിലൊരു മരം'
ഇന്നൊരു മഹാഗണിക്കടിയിലെ നറുമണം
നദികളാ താഴ്ഭാഗത്തായൊഴുകവേ
നായികേ, നിൻ മുഖമെന്തിത്ര തിളക്കം
തങ്കക്കസവിൻ ചേലന്ന് ചാരുമഞ്ചത്തിൽ
സ്വർഗസുന്ദരീ... തരുമോ എന്റെയാ പുല്ലാങ്കുഴൽ....?

# പക ഒടുങ്ങാതെ

**കെ.പി പ്രസന്നൻ**

**സുറയ്യയുടെ മയ്യിത്തു**
വീതിക്കാൻ മാധ്യമങ്ങൾ
മത്സരിക്കുന്നതിനിടയിലായിരുന്നു
മലക്കുകൾ വെള്ള തൂവാലയുമായി
എത്തിയത്.

കമലക്കു വേണ്ടി മരണശേഷം
കോളമെഴുതാൻ ആളുകൾ മത്സരിച്ചു
നിഷേധകുറിപ്പിറക്കാനവരില്ലല്ലോ
വായ്ക്കരിയിട്ടു ആത്മബന്ധം
തെളിയിക്കുവാനുമാളെത്തി
ഇവരെയൊക്കെ പേടിച്ചായിരുന്നു അവർ
കേരളം വിട്ടത്!

ആത്മാവിനു ശാന്തികിട്ടാൻ ചിലർ
മരണശേഷം പേരിലെ മ്ലേഛത നീക്കി
അപ്പോഴാണറിഞ്ഞത്
ആയമ്മ മക്കളെയും മാറ്റിയിരിക്കുന്നു!
ഇല്ലാച്ചാൽ നാലപ്പാട്ടെ മണ്ണിൽ
കത്തിച്ചെടുത്ത ചാരവുമായി
ഊരു ചുറ്റി പക ഒടുക്കാമായിരുന്നു!!

പാളയം പള്ളിയിലെ ഖബറിസ്ഥാനിൽ
സ്വർഗത്തിന്റെ മണം പരന്നതു കാണാൻ കണ്ണു
മാത്രം പോര.
നെഞ്ചിൻ കൂടിനകത്തു മറ്റൊന്നുകൂടി വേണം.

# അവാർഡിനായി ഒരു യാചന

**ഫൈസൽ അബൂബക്കർ**

**മികവിന്റെ വെട്ടിത്തിളങ്ങുന്ന വീഥിയിൽ**
കീർത്തിയുടെ വർണ്ണ പകിട്ടേറിടുന്നു.
അക്ഷരസ്സൂര്യന്റെ പ്രഭ ചൊരിഞ്ഞീടുന്ന
ഹൃദയത്തുടിപ്പിൽ പരന്നില്ല സത്യം.

അക്ഷരലോകമാം മാനത്തുദിച്ചുള്ള
പുരസ്കാര താരങ്ങളെത്രയെത്ര
ഒന്നിനു മേകുവാനായില്ല ഹൃത്തിലെ
ഇരുട്ടിനെയകറ്റുവാനായൊരു രശ്മിയും.

അന്ധകാരമാണന്തിപോലെപ്പൊഴും
വെട്ടം കൊളുത്തുവാൻ നയനങ്ങളാർക്കുന്നു
നിശ്ചയം ചിന്തകൾ മൂളിപ്പറക്കുന്നു
നിർമല മലരിന്റെ മധുകണം നുകരുന്നു.

ഏകനാം നാഥന്റെ സത്യപ്രകാശം
ഏറുന്നു നവ്യമാം നക്ഷത്ര ശോഭയിൽ
സ്വയമേറ്റു പറയേണ്ട സമ്മാനമാണിത്
സത്യം സ്ഫുരിക്കുന്ന സന്മാർഗദീപിക.

ഇരുകരമുയർത്തി ഞാൻ തേടുന്നു നാഥാ...
ഒരു താര ശോഭയായ് പുഞ്ചിരിച്ചീടുന്ന
സ്നേഹം തുളുമ്പുന്നയമ്മക്കു നൽകണേ
സ്വർഗമാമവാർഡിന്റെ മാനവും ദാനവും

**(കമലാ സുറയ്യ ഇസ്‌ലാം സ്വീകരിച്ചപ്പോളെഴുതിയത്)**

# സസ്നേഹം

**ആദിത്യൻ കാതിക്കോട്, ഖത്തർ**

**കാനേഷുമാരിയുടെ കള്ളക്കണക്കുകളിൽ**
മേനി നടിച്ചിരുന്നവർക്ക് തെറ്റി.
നിന്നെ വെറുമൊരു ശരീരമായി കാണാൻ
കുഴിമാടം തോണ്ടുന്നവർക്കും.

നിന്നെ നാഥൻ തന്റെ ചാരത്തേക്കുയർത്തി,
'സുറയ്യ'ക്കൂട്ടത്തിൽ ചേർത്തത്
അവർക്കറിയാറായിട്ടില്ല.

നാഥൻ കണ്ടിരുന്നു, നിന്റെ മുഖം
ശോഭയാർന്ന ഈമാനിന്റെ
ആ കണ്ണുകളിലെ ഹിദായത്തിന്റെ
'സുറയ്യ'ത്തിളക്കവും.

നീ ബാക്കിവെച്ചിട്ടുപോയ
നീർമാതളപ്പൂക്കൾ വാടാതിരിക്കട്ടെ
നിന്നെ കണ്ടുമുട്ടുവോളം നിന്നെയോർക്കാൻ.

നിന്നെക്കുറിച്ച് ഞങ്ങൾ പാടിക്കൊണ്ടേ-
യിരിക്കും, നേരിൽ കണ്ടെത്തുന്നതുവരെ,
സസ്നേഹം.